# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6718** **12.07.2012 ൽ മറുപടിയ്ക്ക്**

**ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ പേരുമാറ്റം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ. റ്റി. ജോർജ് | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ പേരുമാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതുകൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) പതിറ്റാണ്ടുകൾക്ക് മുമ്പ് വനം വകുപ്പിൽ നിലവിൽ വന്ന ഫോറസ്റ്റ് ഗാർഡ് തസ്തികയുടെ പേര് കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായി കാണുന്നു. ഇപ്രകാരം തസ്തികയുടെ നാമകരണം പരിഷ്ക്കരിക്കുന്നതുമൂലം ജീവനക്കാരുടെ ആത്മവിശ്വാസവും കാര്യക്ഷമതയും വർദ്ധിപ്പിച്ച് വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ സഹായകരമാകുന്നതാണ്. കൂടാതെ സമൂഹത്തിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മാന്യമായ സ്ഥാനം ലഭ്യമാക്കുവാനും കൂടുതൽ ഉദ്യോഗാർത്ഥികളെ വന സംരക്ഷണ സേനയിലേയ്ക്ക് ആകർഷിക്കുവാനും കഴിയും. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ? | (സി) റിസർവ് വാച്ചർ / ഡിപ്പോ വാച്ചർ, ഫോറസ്റ്റ്ഗാർഡ്, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയിഞ്ചർ എന്നീ തസ്തികകളുടെ പേര് യഥാക്രമം അസിസ്റ്റന്റ് ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിങ്ങനെ പുനർനാമകരണം ചെയ്യുവാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**